# 2016 നവംബർ, ഡിസംബർ, 2017 ജനുവരി മാസങ്ങളിലേയ്ക്കുള്ള നാളികേരത്തിന്റെ വില പ്രവചനം

## നാളികേരത്തിന്റെ വിലയിൽ ഉണർവ്വിന് സാധ്യത

ഭാരത കൃഷിമന്ത്രാലയത്തിന്റെ കണക്കുകൾ പ്രകാരം 2015–16 കാലഘട്ടത്തിൽ 2.10 ദശലക്ഷം ഹെക്ടർ സ്ഥലത്തുനിന്നുള്ള ഇന്ത്യയിലെ നാളികേര ഉല്പാദനം 14,721 ദശലക്ഷമാണ്. മേൽ പറഞ്ഞ ഉല്പാദനത്തിന്റെ 90 ശതമാനവും കേരളം, തമിഴ്നാട്, കർണ്ണാടകം, ആന്ധ്രാ പ്രദേശ് എന്നീ നാല് ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിൽ നിന്നാണ്. 2014–15ൽ കേരളത്തിലെ നാളികേരോൽപാദനം 4896.61 ദശലക്ഷം തേങ്ങയായിരുന്നു. 2015–16 കാലയളവിൽ കേരളത്തിൽ കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് ഏകദേശം എട്ട് ശതമാനം വർദ്ധനവാണ് പ്രതീക്ഷിച്ചത്.

2015–16ൽ നാളികേരത്തിന്റെയും നാളികേരോല്പന്നങ്ങളുടേയും ഇന്ത്യയിൽ നിന്നുള്ള കയറ്റുമതി 1450.24 കോടി രൂപയിലെത്തി. മുൻ വർഷത്തെ അപേക്ഷിച്ച് തൂൾ തേങ്ങ, വെളിച്ചെണ്ണ, ഉത്തേജിത കാർബൺ എന്നിവയുടെ കയറ്റുമതിയിൽ വർദ്ധനവുണ്ടായി. 2016 ഏപ്രിൽ മുതൽ സെപ്റ്റംബർ വരെയുള്ള കാലയളവിൽ നാളികേരോല്പന്നങ്ങളുടെ കയറ്റുമതി 950 കോടി രൂപയായിരുന്നു. 2016–17ൽ വെളിച്ചെണ്ണയുടെയും, തൂൾ തേങ്ങയുടെയും വെന്ത വെളിച്ചെണ്ണയുടേയും കയറ്റുമതി സാധ്യതകൾ വളരെയേറെ വർദ്ധിച്ചിട്ടുണ്ട്. തദ്ദേശീയ വിപണിയെ അപേക്ഷിച്ച് അന്താരാഷ്ട്ര വിപണിയിൽ നിലനിൽക്കുന്ന ഉയർന്ന വിലമൂലം കയറ്റുമതിയ്ക്കുള്ള മത്സരക്ഷമത വർദ്ധിച്ചിട്ടുണ്ട്. ആയതിനാൽ ഇറക്കുമതിക്കുള്ള സാധ്യതകൾ വിരളമാണ്.

രാജ്യത്താകമാനം നാളികേരത്തിന്റെ ഉല്പാദനത്തിൽ ഇടിവുണ്ടായതിനാൽ ഈ വർഷത്തിന്റെ അവസാന പാദത്തോടെ വില വീണ്ടും വർദ്ധിക്കാനിടയുണ്ട്. കേരളത്തിലെ പ്രധാനപ്പെട്ട വിപണികളിലെല്ലാം തന്നെ നാളികേരത്തിന്റെയും നാളികേരോല്പന്നങ്ങളുടേയും വരവിൽ കുറവ് കാണുന്നു. ഈ സാഹചര്യം മെച്ചപ്പെടും വരെ വിലയിലുണ്ടായ വർദ്ധനവ് തുടരാനാണ് സാധ്യത.

കേന്ദ്ര സർക്കാർ മില്ലിംഗ് കൊപ്രായുടേയും ഉണ്ടകൊപ്രായുടേയും പൊതിച്ച തേങ്ങയുടേയും 2016–17ലെ താങ്ങുവില യഥാക്രമം 5950, 6240, 1600 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.

നാളികേരത്തിന്റെ കഴിഞ്ഞ വർഷങ്ങളിലെ വിലയിൽ നടത്തിയ പഠനത്തിൽ നിന്നും നവംബർ മുതൽ വില വർദ്ധിച്ചു തുടങ്ങാനുള്ള പ്രവണത കാണുന്നു. മൂല്യവർദ്ധിത ഉല്പന്നങ്ങൾക്ക് വേണ്ടി നാളികേരം കൂടുതലായി ഉപയോഗിക്കുന്നതും, ഈ ഉല്പന്നങ്ങൾക്ക് വിദേശ വിപണികളിലുള്ള ഉയർന്ന ആവശ്യകതയും, നീര ടാപ്പിംഗിലെ വർദ്ധനവും മൂലം 2016 നവംബർ മുതൽ വിലയിൽ നേരിയ വർദ്ധനവുണ്ടാകും

നാളികേരത്തിന്റെ വിലയിൽ 2016 നവംബറിനും 2017 ജനുവരിയ്ക്കും ഇടയിലുള്ള കാലയളവിൽ വിലയിൽ നേരിയ ഉണർവിന് സാധ്യതയുണ്ടെന്ന് ഐ.സി.എ.ആർ നെറ്റ്‌വർക്ക് പ്രോജക്റ്റ് ഓൺ മാർക്കറ്റ് ഇന്റലിജൻസ് വിലയിരുത്തുന്നു. ഭാഗികമായി പൊതിച്ച തേങ്ങയ്ക്ക് 2008 മുതലുള്ള എട്ട് വർഷം നെടുമങ്ങാട് മാർക്കറ്റിൽ ലഭിച്ച പ്രതിമാസ വില ഇക്കണോമെട്രിക് വിശകലനത്തിന് വിധേയമാക്കിയതിന്റെയും വ്യാപാരികളുടെ ഇടയിൽ നടത്തിയ സർവ്വേയുടെയും അടിസ്ഥാനത്തിലാണ് ഈ പ്രവചനം. മുകളിൽ വിവരിച്ച വിപണി സാഹചര്യങ്ങളുടെ മാത്രം അടിസ്ഥാനത്തിലാണ് ഈ പ്രവചനമെന്നതിനാൽ കർഷകർക്ക് ഉല്പന്നം വില്ക്കുന്നതുമായി ബന്ധപ്പെട്ട് ഉചിതമായ തീരുമാനങ്ങളെടുക്കാം.

പ്രവചിക്കപ്പെട്ട വിലയുടെ പരിധികൾ താഴെ പറയുന്ന പ്രകാരമായിരിക്കും

| **മാസം** | **പ്രവചിക്കപ്പെട്ട വില (രൂപ/1000 തേങ്ങയ്ക്ക്)** |
|---|---|
| നവംബർ 2016 | 8500 - 9000 |
| ഡിസംബർ 2016 | 9000- 9500 |
| ജനുവരി 2017 | 9500 - 10000 |

**റിസർച്ച് ടീം**

ഡോ. ജെസി തോമസ് കെ, ഡോ. അനിൽ കുരുവിള,
ഡോ. ചിത്ര പാറയിൽ, ശ്രീ. നൗഷാദ് എ.കെ & കുമാരി. രോഹിണി. കെ
ഐ.സി. എ.ആർ നെറ്റ്‌വർക്ക് പ്രോജക്റ്റ് ഓൺ മാർക്കറ്റ് ഇന്റലിജൻസ്
ഹോർട്ടിക്കൾച്ചർ കോളേജ്, കേരള കാർഷിക സർവ്വകലാശാല, വെള്ളാനിക്കര, തൃശ്ശൂർ